പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: * 561

25/10/2011-ൽ മറുപടിക്ക് നല്ലേണ്ടത്

## മൂന്നാറിലെ സ്പെഷ്യൽ ഓഫീസിന്റെ ഏകോപന പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുവേണ്ടി 2007 മെയ് 9 ന്റെ മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട സ്പെഷ്യൽ ഓഫീസ് നിലവിലുണ്ടോ; എങ്കിൽ സ്പെഷ്യൽ ഓഫീസർ ആരാണ്; | (എ) മൂന്നാറിലെ അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായുള്ള സ്പെഷ്യൽ ഓഫീസ് നിലവിലുണ്ട്. നിലവിൽ സ്പെഷ്യൽ ഓഫീസർ ശ്രീ. [illegible] ആണ്. |
| (ബി) സ്പെഷ്യൽ ഓഫീസിന്റെ ഏകോപന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) റവന്യൂ (സി) വകുപ്പിലെ 31/05/2010ലെ (കൈയ്യെഴുത്ത്) നമ്പർ 201/2010/ ആർഡി ഉത്തരവ് പ്രകാരം സ്ഥാപിച്ച മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസിന്റെ പരിധിയിൽപ്പെട്ട വിഷയങ്ങൾ താഴെ പറയുന്നവയാണ്: -<br>വ്യാജപട്ടയങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക, ഇടുക്കി ജില്ലയിലെ റവന്യൂ റിക്കാർഡുകൾ യഥാവിധി പുനഃസ്ഥാപിക്കുക. സർക്കാർ ഭൂമി സംരക്ഷിക്കുക, അനധികൃത കൈയേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തി നടപടികൾ സ്വീകരിക്കുക. കുന്നുകൾ, മലകൾ, വൃക്ഷങ്ങൾ, പുഴ, തോട് എന്നിവ സംരക്ഷിക്കുക. വിവിധ കോടതികളിൽ നിലനില്ക്കുന്ന വ്യവഹാരങ്ങൾക്ക് ആവശ്യമായ പത്രികകൾ തയ്യാറാക്കി നല്കുക. വ്യവഹാരങ്ങളുടെ നിരീക്ഷണം നടത്തുക, ലാന്റ് ബാങ്കിൽ നിക്ഷിപ്തമായ ഭൂമിയുടെ ഫലപ്രദമായ സംരക്ഷണം. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ ആവശ്യമായ ദുരിതാശ്വാസ പ്രവർത്തനങ്ങളും, മുൻകരുതലുകളും ഏർപ്പെടുത്തുക. സർക്കാർ ഭൂമിയിലെ മേലാദായം യഥാസമയം കണ്ടെത്തി ഖജനാവിലേയ്ക്ക് മുതൽക്കൂട്ടുക ഇടങ്ങിയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.<br>അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും കണ്ടെത്തിയാൽ ദേവികുളം താലൂക്ക് തഹസീൽദാരുടെയും അതാത് വില്ലേജ് ഓഫീസർമാരുടെയും സഹായത്തോടെ സംയുക്തമായി കൈയേറ്റം ഒഴിപ്പിക്കുകയും ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

(സി) ഈ സർക്കാർ അധികാരത്തിൽ എത്തിയതിനു ശേഷം ഇവിടത്തെ ഏതെല്ലാം അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റി; എത്ര ഏക്കർ ഭൂമി പുതുതായി തിരിച്ചെടുത്തു;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്പെഷ്യൽ ഓഫീസിന്റെ പരിധിയിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം താലൂക്കിൽ 410.66 ഏക്കറും ഉടുമ്പൻചോല താലൂക്കിൽ 552.38 ഏക്കറും പീരുമേട് താലൂക്കിൽ 940.67 ഏക്കറും തൊടുപുഴ താലൂക്കിൽ 5.1 ഏക്കറും ഉൾപ്പെടെ 1908.81 ഏക്കർ (772.48 ഹെക്ടർ) ഭൂമി ഒഴിപ്പിച്ചെടുത്തു.

(ഡി) അനധികൃതമായി പട്ടയങ്ങൾ നൽകിയ ആൾക്കെതിരെയുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ചാർജ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) അനധികൃതമായി പട്ടയങ്ങൾ നല്കിയതുമായി ബന്ധപ്പെട്ട് ഇടുക്കി വിജിലൻസ് യൂണിറ്റിൽ വി.സി. 10/2003/IDK ആയി ഒരു കേസ് അന്വേഷണം നടത്തി വരുന്നുണ്ട്. ടി കേസുകളിലേയ്ക്ക് ആദ്യപാദത്തിൽ 9 പട്ടയങ്ങളെ സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി താഴെ പറയുന്ന 15 പ്രതികളുടെ പേരിൽ കുറ്റപത്രം തയ്യാറാക്കി ബഹു: കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും CC.56/2011 ആയി വിചാരണ നടപടികൾ നടന്നുവരുന്നതുമാണ്. പ്രതികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. ശ്രീ. ബാലകൃഷ്ണപിള്ള (64)- മുൻ വില്ലേജ് അസിസ്റ്റന്റ്, സ്പെഷ്യൽ തഹസീൽദാർ ഓഫീസ്, ദേവികുളം
2. ശ്രീ. പി.വി.ജോർജ്ജ്- മുൻ തഹസീൽദാർ, ദേവികുളം
3. ശ്രീ. എൻ.റ്റി. ഔസേഫ്- Outsider
4. ശ്രീമതി. സാലി - Outsider
5. ശ്രീമതി. ലിഷ - Outsider
6. ശ്രീമതി. എൻ.റ്റി. ഫിലോമ്മ - Outsider
7. ശ്രീ. സി.എ. ജോസ് - Outsider
8. ശ്രീ. കുഞ്ഞപ്പൻ - Outsider
9. ശ്രീ. വി.വി. സഹദേവൻ- മുൻ ഡെപ്യൂട്ടി തഹസീൽദാർ, താലൂക്ക് ഓഫീസ്, കോതമംഗലം
10. ശ്രീ. പി. ശിവൻകുട്ടി നായർ- Outsider
11. ശ്രീ. വി. ആർ. പദ്മനാഭൻ- മുൻ ജില്ലാ കളക്ടർ
12. ശ്രീ. പി.എൻ. അലിയാർ- മുൻ വില്ലേജ് അസിസ്റ്റന്റ്, കെ.ഡി.എച്ച്.
13. ശ്രീ. ജോയി വർഗ്ഗീസ് - മുൻ കെ.ഡി.എച്ച്. വില്ലേജ് ഓഫീസർ & ഡെപ്യൂട്ടി കളക്ടർ, കോട്ടയം
14. ശ്രീ. പി.എം.ചിന്നൻ- Outsider
15. ശ്രീമതി. രമായി W/o. ചിന്നൻ - Outsider

മൂന്ന് പട്ടയങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയ രണ്ടാംപാദം അന്വേഷണ നടപടികൾ പൂർത്തിയാക്കിട്ടുള്ളതും കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്. 58 പട്ടയങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്ന മൂന്നാംപാദം അന്വേഷണാവസ്ഥയിൽ തുടരുന്നു.

(ഇ) എങ്കിൽ ചാർജ്ഷീറ്റ് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

(ഇ) 9 പട്ടയങ്ങളെ സംബന്ധിച്ച് അന്വേഷണം പൂർത്തിയാക്കി എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി കോട്ടയം മുമ്പാകെ കുറ്റപത്രം നല്കിയിട്ടുള്ളതും മൂന്ന് പട്ടയങ്ങളെ സംബന്ധിച്ച് കുറ്റപത്രം തയാറാക്കി വരുന്നതും 58 പട്ടയങ്ങളെ സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നതുമാണ്.

സെക്ഷൻ ഓഫീസർ